REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 20-08-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **പാർലമെന്റിന്റെ ഇരു സഭകളിലും ഇന്നും പ്രതിപക്ഷ ബഹളം. രാജ്യസഭയും ലോക്സഭയും ഉച്ചയ്ക്ക് 2 വരെ നിർത്തി വെച്ചു.**
- **NDA യുടെ ഉപരാഷ്ട്രപതി സ്ഥാനാർത്ഥി CP രാധാകൃഷ്ണൻ നാമനിർദ്ദേശപത്രിക സമർപ്പിച്ചു. തെരഞ്ഞെടുപ്പ് സെപ്തംബർ ഒമ്പതിന്.**
- **ജനസമ്പർക്ക പരിപാടിക്കിടെ ഡൽഹി മുഖ്യമന്ത്രി രേഖാ ഗുപ്തക്കു നേരെ ആക്രമണം. മുഖ്യമന്ത്രിക്ക് നിസ്സാര പരിക്ക്.**
- **സംസ്ഥാനത്ത് ആരോഗ്യവകുപ്പിൽ പരാതി പരിഹാര സെൽ രൂപീകരിച്ചു.**
- **കേരളത്തിൽ ചില ജില്ലകളിൽ ഇന്ന് മഴയ്ക്ക് സാധ്യത. കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.**
- **സാഫ് അണ്ടർ 17 വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ ഉച്ച കഴിഞ്ഞ് ഇന്ത്യ, നേപ്പാളുമായി ഏറ്റുമുട്ടും.**

## വാർത്തകൾ വിശദമായി

പാർലമെന്റിന്റെ ഇരു സഭകളിലും ഇന്നും പ്രതിപക്ഷ ബഹളം. രാജ്യസഭയും ലോക്സഭയും ഉച്ചയ്ക്ക് 2 വരെ നിർത്തി വെച്ചു. രാവിലെ സഭാ സമ്മേളനം തുടങ്ങിയ ഉടനെ ബിഹാറിലെ തീവ്ര വോട്ടർപട്ടിക പരിഷ്കരണം ഉൾപ്പെടെ വിഷയങ്ങളിൽ പ്രതിപക്ഷ പാർട്ടികൾ പ്രതിഷേധം ആരംഭിച്ചു. അംഗങ്ങളുടെ പെരുമാറ്റത്തിൽ അതൃപ്തി പ്രകടിപ്പിച്ച ലോക്സഭാ സ്പീക്കർ ഓംബിർള സഭാ

നടപടികൾ തടസ്സപ്പെടുത്തുന്നത് ഉചിതമല്ലെന്ന് പറഞ്ഞു. സ്പീക്കറുടെ അഭ്യർത്ഥന മാനിക്കാത്തതിനെ തുടർന്ന് ഉച്ചക്ക് 12 വരെ സഭ നിർത്തിവെക്കുകയായിരുന്നു. വീണ്ടും സഭ ചേർന്നപ്പോൾ പ്രതിപക്ഷം ബഹളം തുടർന്നു. ഇതോടെ സഭ ഉച്ചക്ക് രണ്ട് വരെ വീണ്ടും നിർത്തി വെച്ചു.

രാജ്യസഭയിലും സമാനമായ രംഗങ്ങളുണ്ടായി. രാവിലെ 11ന് സഭ സമ്മേളിച്ചപ്പോൾ വോട്ടർപട്ടിക വിഷയത്തിൽ പ്രതിപക്ഷ അംഗങ്ങൾ മുദ്രാവാക്യം വിളിച്ച് ബഹളം തുടങ്ങി. ഇതോടെ ഡെപ്യൂട്ടി ചെയർമാൻ ഹരിവംശ് ഉച്ചക്ക് രണ്ട് മണി വരെ സഭ നിർത്തിവെക്കാൻ തീരുമാനിക്കുകയായിരുന്നു.

✪✪✪

NDA യുടെ ഉപരാഷ്ട്രപതി സ്ഥാനാർത്ഥി CP രാധാകൃഷ്ണൻ നാമനിർദ്ദേശപത്രിക സമർപ്പിച്ചു. വരണാധികാരിയായ രാജ്യസഭാ സെക്രട്ടറി പ്രമോദ് ചന്ദ്ര മോദിക്കാണ് പത്രിക സമർപ്പിച്ചത്. പ്രധാനമന്ത്രി നരേന്ദ്രമോദി, രാജ്യരക്ഷാ മന്ത്രി രാജ്നാഥ്, ആഭ്യന്തരമന്ത്രി അമിത്ഷാ ഉൾപ്പെടെ NDA നേതാക്കൾ പത്രികസമർപ്പണ വേളയിൽ പങ്കെടുത്തു.

....ഡെസ്ക് റിപ്പോർട്ട്...

....(വോയ്സ്)...

തമിഴ്നാട് സ്വദേശിയായ CP രാധാകൃഷ്ണൻ 1998-ൽ കോയമ്പത്തൂരിൽ നിന്ന് ആദ്യമായി ലോക്സഭാംഗമായി തിരഞ്ഞെടുക്കപ്പെട്ടു. തമിഴ്നാട്ടിലെ ബി.ജെ.പിയുടെ മുൻ സംസ്ഥാന പ്രസിഡന്റു കൂടിയായിരുന്നു അദ്ദേഹം. 2023-ൽ ജാർഖണ്ഡ് ഗവർണറായും പിന്നീട് തെലുങ്കാന ഗവർണറായും പുതുച്ചേരി ലെഫ്റ്റനന്റ് ഗവർണറായും ചുമതല വഹിച്ചു. കഴിഞ്ഞ വർഷമാണ് മഹാരാഷ്ട്ര ഗവർണറായി നിയമിതനായത്.

ഇന്നലെ ഡൽഹിയിൽ ചേർന്ന NDA പാർലമെന്ററി പാർട്ടി യോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി സ്ഥാനാർത്ഥിയെ പരിചയപ്പെടുത്തി. രാധാകൃഷ്ണനെ ഏകകണ്ഠമായി തിരഞ്ഞെടുക്കണമെന്ന് പ്രതിപക്ഷത്തെ ഉൾപ്പെടെ എല്ലാ MP മാരോടും പ്രധാനമന്ത്രി അഭ്യർത്ഥിച്ചതായി പാർലമെന്ററി കാര്യമന്ത്രി കിരൺ റിജിജു മാധ്യമങ്ങളോടു പറഞ്ഞു.

INDI സഖ്യത്തിന്റെ ഉപരാഷ്ട്രപതി സ്ഥാനാർത്ഥിയായി സുപ്രീം കോടതി മുൻ ജഡ്ജി ജസ്റ്റിസ് B സുദർശൻ റെഡ്ഡിയെ തീരുമാനിച്ചിട്ടുണ്ട്. സെപ്റ്റംബർ ഒൻപതിനാണ് 17-ാമത് ഉപരാഷ്ട്രപതിയെ തിരഞ്ഞെടുക്കുന്നത്. പത്രികാ സമർപ്പണത്തിന്റെ അവസാന ദിവസമായ നാളെ സുദർശൻ റെഡ്ഡി പത്രിക നൽകും.

✪✪✪

ഇന്ത്യയ്ക്കും ചൈനയ്ക്കുമിടയിൽ എത്രയും വേഗം നേരിട്ട് വിമാന സർവീസ് പുനരാരംഭിക്കാൻ തീരുമാനിച്ചു. ഇതുസംബന്ധിച്ച പുതുക്കിയ വ്യോമഗതാഗത കരാറിന് അന്തിമ രൂപം നൽകും. ഇന്ത്യ സന്ദർശിക്കുന്ന ചൈനീസ് വിദേശകാര്യമന്ത്രി വാങ് യി- യും ഡോ. S ജയശങ്കറും ഡൽഹിയിൽ നടത്തിയ ഉഭയകക്ഷി ചർച്ചയിലാണ് തീരുമാനം.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ 81-ാം ജന്മവാർഷികത്തിൽ ശ്രദ്ധാഞ്ജലി അർപ്പിച്ചു. രാജ്യം രാജീവ് ഗാന്ധിയുടെ ജന്മവാർഷിക ദിനം സദ്ഭാവനാ ദിനമായാണ് ആചരിക്കുന്നത്. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെയും,  പ്രിയങ്കാ ഗാന്ധി MPയും, AICC ജനറൽ സെക്രട്ടറി KC വേണുഗോപാലും ന്യൂഡൽഹിയിലെ വീർഭൂമിയിലെത്തി രാജീവ് ഗാന്ധിക്ക് ആദരാഞ്ജലികൾ അർപ്പിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ബീഹാറിലെ ഗയയിൽ ആറു വരി ആന്റ - സിമാരിയ പാലം മറ്റന്നാൾ ഉദ്ഘാടനം ചെയ്യും. ഗംഗാ നദിക്ക് കുറുകെ ഏകദേശം രണ്ട് കിലോമീറ്ററാണ് പാലത്തിന്റെ നീളം.

✪✪✪

ജനസമ്പർക്ക പരിപാടിക്കിടെ ഡൽഹി മുഖ്യമന്ത്രി രേഖാ ഗുപ്തയെ അക്രമി എറിഞ്ഞു പരിക്കേൽപ്പിച്ചു. തലയ്ക്ക് പരിക്കേറ്റ  രേഖാ ഗുപ്തയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പരിക്ക് ഗുരുതരമല്ലെന്നാണ് റിപ്പോർട്ട്.

രാവിലെയായിരുന്നു സംഭവം. വസതിയിൽ ജനങ്ങളിൽ നിന്ന് നിവേദനങ്ങളും പരാതികളും സ്വീകരിക്കുന്നതിനിടെ ഒരാൾ മുഖ്യമന്ത്രിക്ക് നേരെ കനമേറിയ വസ്തു ഉപയോഗിച്ച് എറിയുകയായിരുന്നു. സംഭവത്തിൽ 35 കാരനെ പൊലീസ് കസ്റ്റഡിയിലെടുത്തു.

ആക്രമണത്തെ BJP അപലപിച്ചു. വിശദാംശങ്ങൾ പൊലീസ് അന്വേഷിക്കുകയാണെന്ന് ഡൽഹി BJP പ്രസിഡന്റ് വീരേന്ദ്ര സച്ച്ദേവ് അറിയിച്ചു.

✪✪✪

വിരമിച്ച ഗവൺമെന്റ് ജീവനക്കാർക്ക് എട്ടാമത് ദേശീയ അനുഭവ് അവാർഡുകൾ ന്യൂഡൽഹിയിലെ വിജ്ഞാൻ ഭവനിൽ കേന്ദ്രമന്ത്രി ഡോ. ജിതേന്ദ്ര സിംഗ് സമ്മാനിച്ചു.11 മന്ത്രാലയങ്ങളിലെയും വകുപ്പുകളിലെയും 15 അവാർഡ് ജേതാക്കളെ ആദരിച്ചു.

✪✪✪

തമിഴ്നാട്ടിലെ ഡിണ്ടിഗൽ ജില്ലയിലെ അഞ്ച് കേന്ദ്രങ്ങളിൽ NIA റെയ്ഡ് നടത്തി. പാട്ടാളിമക്കൾ കച്ചി നേതാവായിരുന്ന രാമലിംഗത്തെ 2019ൽ കൊലപ്പെടുത്തിയ കേസുമായി ബന്ധപ്പെട്ടാണ് റെയ്ഡ്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 31 ന് രാവിലെ 11 ന് പ്രക്ഷേപണം ചെയ്യും. പരിപാടിയുടെ 125 -ാം പതിപ്പാണിത്. നരേന്ദ്ര മോദി ആപ്പിലൂടെയും MyGov ഓപ്പൺ ഫോറത്തിലൂടെയും ഈ മാസം 29 വരെ അഭിപ്രായങ്ങളും ആശയങ്ങളും അറിയിക്കാം.

✪✪✪

സംസ്ഥാനത്ത് ആരോഗ്യവകുപ്പിൽ പരാതി പരിഹാര സെൽ രൂപീകരിച്ചു. ഡോക്ടർമാർക്കും രോഗികൾക്കും ചികിത്സയുമായി ബന്ധപ്പെട്ട പരാതികൾ N. ജീവൻ അധ്യക്ഷനായ മൂന്നംഗ സമിതിയ്ക്ക് നൽകാവുന്നതാണ്.

✪✪✪

അമീബിക് മസ്തിഷ്ക ജ്വര ലക്ഷണങ്ങളോടെ ഒരു കുട്ടിയെ കൂടി കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിച്ചു. ചേളാരിയിലെ 11 കാരിയാണ് ചികിത്സയിൽ കഴിയുന്നത്. നേരത്തെ അമീബിക് എൻസ-ഫലൈറ്റിസ് ബാധിച്ച ഓമശ്ശേരിയിലെ മൂന്ന് മാസം പ്രായമായ കുട്ടി തീവ്രപരിചരണ വിഭാഗത്തിൽ തുടരുകയാണ്. കഴിഞ്ഞ ദിവസം അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് മരിച്ച താമരശേരിയിലെ ഒമ്പതുകാരിയുടെ സഹോദരങ്ങൾക്ക് രോഗമില്ലെന്ന് സാമ്പിൾ പരിശോധനയിൽ വ്യക്തമായി.

✪✪✪

സംസ്ഥാനത്ത് തന്നെ അമീബിക്ക് മസ്തിഷ്ക ജ്വര പരിശോധനയും സ്ഥിരീകരണവും സാധ്യമായതോടെ രോഗചികിത്സയിലും ഗവേഷണത്തിനും ഏറെ പുരോഗതിയുണ്ടായതായി സംസ്ഥാന പബ്ലിക് ഹെൽത്ത് ലാബ് അറിയിച്ചു. രാജ്യത്ത് അഞ്ചോളം ലാബുകളിൽ മാത്രമാണ് അമീബയെ

കണ്ടെത്താൻ PCR പരിശോധനാ സൗകര്യമുള്ളത്. മോളിക്യുലാർ സങ്കേതത്തിലൂടെ രോഗ സ്ഥിരീകരണവും സ്പീഷീസ് ഐഡന്റിഫിക്കേഷനും നടത്താൻ തിരുവനന്തപുരം പബ്ലിക് ഹെൽത്ത് ലാബിൽ കഴിഞ്ഞ ജൂൺ മുതൽ സൗകര്യം സജ്ജമാക്കിയിട്ടുണ്ടെന്നും ലാബ് അറിയിച്ചു.

കോഴിക്കോട് മൈക്രോബയോളജി ലാബിൽ  പ്രാഥമിക പരിശോധനാ സൗകര്യമുണ്ട്. രോഗിയുടെ പരിശോധനാ സാമ്പിൾ ലഭിച്ചാൽ ഉടൻ പ്രാഥമിക പരിശോധന നടത്താനാകും.

✪✪✪

സംസ്ഥാനത്ത് ഇന്ന് ചില ജില്ലകളിൽ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.  ഒരിടത്തും ജാഗ്രതാ നിർദ്ദേശം നൽകിയിട്ടില്ല.

തീരമേഖലയിൽ മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ട്. കർണാടക തീരങ്ങളിൽ ഇന്നും ലക്ഷദ്വീപിൽ വെള്ളിയാഴ്ച വരെയും മീൻപിടിത്തക്കാർ കടലിൽ പോകരുതെന്ന് നിർദേശമുണ്ട്.

✪✪✪

ദേശീയ നഗര ശുചിത്വ സർവേയിൽ മികച്ച മുന്നേറ്റമുണ്ടാക്കിയ നഗരസഭകളെ ആദരിക്കുന്ന "ശുചിത്വഭേരി " ഉച്ചയ്ക്ക് തിരുവനന്തപുരം ടാഗോർ തിയേറ്ററിൽ മന്ത്രി MB രാജേഷ് ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ ഹരിതമിത്രം ആപ്ലിക്കേഷന്റെ പുതിയ പതിപ്പായ 'ഹരിതമിത്രം 2.0 ' ഔദ്യോഗിക ലോഞ്ചിങ്ങും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ശുചിത്വ ഗ്രേഡിങ്ങും മന്ത്രി MB രാജേഷ് നിർവഹിക്കും.

സംസ്ഥാനത്ത് ആദ്യമായി 23 നഗരസഭകൾക്ക് ഗാർബേജ് ഫ്രീ സിറ്റി സ്റ്റാർ റേറ്റിങ് പദവി ലഭിച്ചിട്ടുണ്ട്. പ്രോമിസിങ് സ്വച്ഛ് ഷഹർ പുരസ്കാരം നേടാനും കഴിഞ്ഞു.

ശുചിത്വഭേരി പരിപാടിയിൽ ഇതിനായി സേവനം നടത്തിയവരെ മന്ത്രി ആദരിക്കും. കേരളത്തിലെ മുഴുവൻ മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങളും ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ഏകോപിപ്പിക്കുക എന്നതാണ് ഹരിതമിത്രം ആപ്ലിക്കേഷനിലൂടെ ലക്ഷ്യമിടുന്നത്.

✪✪✪

സാഫ് അണ്ടർ 17 വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ ഇന്ത്യ ഇന്ന് നേപ്പാളുമായി ഏറ്റുമുട്ടും. ഭൂട്ടാനിൽ ഇന്ത്യൻ സമയം ഉച്ചക്ക് രണ്ടരക്കാണ് മത്സരം. നേപ്പാളിനു പുറമെ ബംഗ്ലാദേശും ഭൂട്ടാനും ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കും. ഡബിൾ റൗണ്ട് റോബിൻ ലീഗ് തലത്തിലാണ് മത്സരം.

✪✪✪

ഇന്ത്യയുടെ ഏഷ്യാകപ്പ് ക്രിക്കറ്റ് ടീമിനെ പ്രഖ്യാപിച്ചു. 15 അംഗ ടീമിന്റെ നായകൻ സൂര്യകുമാർ യാദവാണ്. ഉപനായകൻ ശുഭ്മാൻ ഗില്ലാണ്. ടീമിൽ മലയാളി താരം സഞ്ജു സാംസണും ഇടം നേടിയിട്ടുണ്ട്. അജിത് അഗാർക്കറിന്റെ നേതൃത്വത്തിലെ സെലക്ഷൻ സമിതിയാണ് ടീമിനെ പ്രഖ്യാപിച്ചത്. സെപ്തംബർ ഒമ്പതിന് UAEയിലാണ് ഏഷ്യാകപ്പിന് തുടക്കം. ഇന്ത്യയുടെ ആദ്യകളി 10ന് UAEയുമായി നടക്കും. സെപ്തംബർ 14ന് ഇന്ത്യ പാകിസ്ഥാനെയും നേരിടും.

✪✪✪

കണ്ണൂർ ജില്ലയിലെ ന്യൂമാഹി ഗ്രാമ പഞ്ചായത്തിൽ പ്ലാസ്റ്റിക്കിന് ബദൽ ഉൽപന്നങ്ങൾ നിർമ്മിക്കുന്ന പദ്ധതിക്ക് തുടക്കമിടുന്നു. സംരംഭകരുടെ പങ്കാളിത്തത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി പ്രതിനിധി K.O. ശശിധരൻ...

.....(വോയ്സ്)...

ഒറ്റത്തവണ ഉപയോഗത്തിലുള്ള പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ നിരോധനം കർശനമാക്കിയ സാഹചര്യത്തി ലാണ് ബദലുത്പന്നങ്ങൾ നിർ മിക്കുന്ന വ്യവസായകേന്ദ്രത്തെ ക്കുറിച്ചുള്ള ആശയം ഉയർന്നു വന്നത്. പ്ലാസ്റ്റിക് മുക്ത പഞ്ചാ യത്ത് എന്നതും പഞ്ചായത്തി ലെ വനിതകൾക്ക് തൊഴിൽ നൽകാനും ലക്ഷ്യമിട്ടാണ് പദ്ധ തി. പഞ്ചായത്തിലെ കരീ ക്കുന്ന് വ്യവസായകേന്ദ്ര ത്തിൽ ആണ് പ്ലാസ്റ്റിക് ബദലുത്പന്ന നിർമാണയൂണിറ്റ് ആരംഭിക്കുക 30 ലക്ഷം രൂപ ചെലവിൽ വ്യവസായകേന്ദ്രത്തിന്റെ കെട്ടിട നിർമാണം പൂർത്തീകരിച്ചു.

കുടുംബശ്രീ പ്രവർത്ത കരുൾപ്പടെയുള്ള വനിതാ സം രംഭകരിൽനിന്ന് പ്ലാസ്റ്റിക് ബദ ലുത്പന്ന നിർമാണകേന്ദ്രത്തി ന്റെ നടത്തിപ്പ് ഏറ്റെടുക്കാൻ താത്പര്യപത്രം ക്ഷണിക്കും. പഞ്ചായത്ത് പ്രസിഡന്റ് എം.കെ.സെയ്ത്തുവിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് തീരുമാനം.

✪✪✪

ദേശീയപാതയിൽ കണ്ണൂർ പയ്യന്നൂർ കൊത്തായി മുക്കിൽ ഡീസൽ ടാങ്കർ മറിഞ്ഞു. 14000 ലിറ്റർ ഡീസലുമായി മംഗലാപുരത്ത് നിന്നും തിരുവനന്തപുരം KSRTC ഡിപ്പോയിലേക്ക് പോയ ടാങ്കറാണ് അപകടത്തിൽപെട്ടത്.

ആർക്കും പരിക്കില്ല. ടാങ്ക് ലിഡ്ഡിലൂടെ ഒഴുകിയ ഡീസൽ അഗ്നിരക്ഷാസേന ബക്കറ്റിൽ ശേഖരിച്ചു. രണ്ട് ക്രെയിനുകൾ ഉപയോഗിച്ച് വാഹനം നിവർത്തി സുരക്ഷിത സ്ഥലത്തേക്ക് മാറ്റി.

✪✪✪

കണ്ണൂർ പാർലിമെന്റ് മണ്ഡലത്തിലെ റെയിൽവേ വികസന നിർദ്ദേശങ്ങളുമായി കോൺഗ്രസ് പ്രവർത്തകസമിതി അംഗം K സുധാകരൻ MP, റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവുമായി കൂടിക്കാഴ്ച നടത്തി. കണ്ണൂരിലെ റെയിൽവേ അടിസ്ഥാന സൗകര്യങ്ങളുടെ പുരോഗതിയും, പുതിയ ട്രെയിൻ സർവീസുകളും ആവശ്യപ്പെട്ട് കേന്ദ്ര മന്ത്രിക്ക് നിവേദനം നൽകിയതായി സുധാകരൻ അറിയിച്ചു.

✪✪✪

നാഷണൽ സർവീസ് സ്കീം സംസ്ഥാന ഓഫീസർ R.N അൻസർ അന്തരിച്ചു - 47 വയസ്സായിരുന്നു. N.S.S കോഡിനേറ്റർമാരുടെ പരിശീലനപരിപാടിയിൽ പ്രസംഗിക്കുന്നതിനിടെ കുഴഞ്ഞു വീണതിനെത്തുടർന്ന് തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്നു.

മികച്ച NSS പ്രോഗ്രാം ഓഫീസർക്ക് ഏർപ്പെടുത്തിയ രാഷ്ട്രപതിയുടെയും മുഖ്യമന്ത്രിയുടെയും പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്.

ഏഷ്യൻ ബുക്ക് ഓഫ് റെക്കോഡിൽ ഇടം നേടിയ ഫ്രീഡംവാൾ, വേൾഡ് റെക്കോഡ് യൂണിയൻ അവാർഡ് സ്വന്തമാക്കിയ കലാലയങ്ങളിലെ 'സ്നേഹാരാമം', കാമ്പസുകളെ ലഹരിമുക്തമാക്കുന്ന 'ആസാദ് സേന' എന്നിവയുടെ സംഘാടകനായിരുന്നു അൻസർ.

✪✪✪

മകന്റെ മർദനമേറ്റതിനെ തുടർന്ന് ചികിത്സയിലായിരുന്ന പിതാവ് മരിച്ചു. ഇടുക്കി രാജാക്കാട് ആത്മാവ് സിറ്റി സ്വദേശി വെട്ടികുളം വീട്ടിൽ മധു ആണ് മരിച്ചത്.

കഴിഞ്ഞ വ്യാഴാഴ്ച മദ്യപിച്ച് മകൻ അമ്മയെ മർദിക്കുന്നത് ചോദ്യം ചെയ്ത മധുവിനെ മകൻ സുധിഷ് ആക്രമിക്കുകയായിരുന്നു.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: ഫസ്ന ഫാത്തിമ*
*NRTs:അനിൽ ചന്ദ്രൻ*
*DEO: സി കെ സുബോധ്*